"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് - വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കെ.യു.ആർ.ഡി.എഫ്.സി -ൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവിന് മൊറട്ടോറിയവും പ്രസ്തുത കാലയളവിലെ പിഴപലിശ ഒഴിവാക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2012/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/10/2020

---

പരാമർശം:- കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 20.08.2020 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി./Gp Demand 20-21 നം. കത്ത്.

ഉത്തരവ്

കോവിഡ് -19 സാഹചര്യത്തിൽ വിവിധ തദ്ദേശ സ്ഥാപനങ്ങൾ അവരുടെ വികസന പ്രവർത്തനങ്ങൾക്കായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും എടുത്തിട്ടുള്ള വായ്പ തിരിച്ചടവിന് മോറട്ടോറിയം അനുവദിക്കണമെന്ന് സ്ഥാപനങ്ങൾ ആവശ്യപ്പെട്ട പ്രകാരം, കെ.യു.ആർ.ഡി.എഫ്.സി. -യുടെ 02/07/2020 ലെ 339-ാമത് ഡയറക്ടർ ബോർഡ് യോഗം 2020-21 സാമ്പത്തിക വർഷത്തെ ആദ്യത്തെ രണ്ട് പാദവർഷത്തെ തിരിച്ചടവിന് മൊറട്ടോറിയവും പ്രസ്തുത കാലയളവിലെ പിഴപലിശയും ഒഴിവാക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുള്ളതായും ആയതിന് സർക്കാർ അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെ.യു.ആർ.ഡി.എഫ്.സി-ൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ 2020-21 സാമ്പത്തിക വർഷത്തെ ആദ്യത്തെ രണ്ട് പാദവർഷത്തെ തിരിച്ചടവിന് മൊറട്ടോറിയവും പ്രസ്തുത കാലയളവിലെ പിഴപലിശ ഒഴിവാക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി .കെ. പ്രതാപൻ
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ